# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4197** **17/05/2017-ൽ മറുപടിക്ക്**

**പി.എസ്.സി ഓൺലൈൻ പരീക്ഷയും റാങ്ക് ലിസ്റ്റ് കാലാവധി നീട്ടലും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ എത്ര പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാൻ ശുപാർശ നൽകി: വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ടു തവണ റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പി.എസ്.സിയോട് ശുപാർശ ചെയ്തിരുന്നു. സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ 30.06.2016 മുതൽ 30.12.2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി 31.12.2016 വരെയും 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും ഒരു തവണ പോലും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി 30.06.2017 വരെയും നിബന്ധനകൾക്ക് വിധേയമായി പി.എസ്.സി. ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഓൺലൈൻ പി.എസ്.സി പരീക്ഷ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും<br>(സി) യും | ഉണ്ട്. നിലവിലുള്ള നാല് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിൽ കൂടുതൽ ബാച്ചുകൾ ഉൾപ്പെടുത്തിയും പ്രാദേശിക ഭാഷയിലെ ചോദ്യങ്ങൾ കൂടി ഓൺലൈൻ രീതിയിലേയ്ക്ക് മാറ്റിയും ഓൺലൈൻ പരീക്ഷ വ്യാപിപ്പിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | |

സെക്ഷൻ ഓഫീസർ